തോറ്റവരുടെ കൂടാരം

കഥ തുടരുകയാണ് ശ്രദ്ധിക്കണം. തുടങ്ങുകയല്ല, തുടരുകയാണ്. അതായത് മുൻപ് നടന്ന അല്ലെങ്കിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഏതോ ഒരു കഥയുടെ ബാക്കിപത്രമാണ് ഈ കഥ.

അപ്പോൾ നമുക്ക് തുടങ്ങാം, അതിനുമുൻപ് സ്വയം പരിചയപ്പെടുത്താം. ഞാൻ കഥാകാരിയുടെ ഒരു ഭ്രാന്താണ്, സങ്കല്പമെന്ന് നിങ്ങൾ വിളിച്ചോളൂ. മറ്റുള്ളവർക്ക് ഞാനൊരു ഭ്രാന്തൻ ചിന്തയാണ് എങ്കിലും ഞാൻ കഥാകാരിക്ക് ഏറ്റവും പ്രിയപ്പെട്ട അവളുടെ ഭാവനയാണ്, അവളുടെ ജീവനും, ജീവിതവും ഞാനാണ്.

ഇനി നമുക്ക് കഥയിലേക്ക് കടക്കാം, ആദ്യം നമുക്കൊരു കഥാപശ്ചാത്തലം വേണം, ഭൂമിയിലായാലോ? തിന്മയുടെ ഒരു കണികപോലുമില്ലാത്ത ഒരു കഥ രചിക്കാനുള്ള മനസ്സിന്റെ പ്രേരണ

കാരണം ആ തീരുമാനം ഞാൻ ഉപേക്ഷിച്ചു
എങ്കിൽ പിന്നെ സ്വർഗ്ഗത്തിലോ,
നരകത്തിലോ ആയാലോ. പാപം
ചെയ്യാത്തവർ, ചെയ്തവർ എന്ന്
വേർതിരിവുള്ള ഒരു കഥ ഞാനാഗ്രഹിക്കു-
ന്നില്ല (അല്ലെങ്കിൽ തന്നെ സമൂഹത്തിൽ
ആവശ്യത്തിലധികം വേർതിരിവുണ്ടല്ലോ)
അപ്പോൾ പിന്നെ കഥയെവിടെ നടക്കും.
എന്റെ പ്രിയപ്പെട്ട വായനക്കാരാ,
എന്റെ ഈ കഥയ്ക്ക് സമ്പൂർണ്ണത
നൽകുന്നത് അങ്ങാണ്.
ഒരു എഴുത്തുകാരൻ പൂർണ്ണനാകുന്നത്
വായനക്കാരന്റെ ആത്മാവിനെ
തൊട്ടറിയുമ്പോഴാണല്ലോ. അതുകൊണ്ട്
എന്റെ പ്രിയപ്പെട്ട വായനക്കാരന്
ഇഷ്ടമുള്ള ഏതു സ്ഥലത്തുവച്ചും കഥ-
നടക്കട്ടെ. ഭൂമിയിലോ, ആകാശത്തോ,
ബഹിരാകാശത്തോ, അതുമല്ലെങ്കിൽ
അനന്തതയിലോ, എന്റെ വായനക്കാരനി-
ഷ്ടമുള്ള, പ്രപഞ്ചത്തിലെ എവിടെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

വച്ചു വേണമെങ്കിലും, കഥ നടക്കട്ടെ.
അങ്ങനെ ~~കഥാപാ~~ കഥാപശ്ചാത്തലമായി.
ഇനി കഥാപാത്രങ്ങൾ വേണം.
മനുഷ്യരായാലോ? നന്മയുടെ കണിക പോലും
ഇല്ലാത്ത ഒരു കഥയിൽ മനുഷ്യർക്കെന്ത്
സ്ഥാനം. എങ്കിൽ പിന്നെ ദൈവങ്ങളായാ-
ലോ? അങ്ങനെയെങ്കിൽ തന്നെ ഏതു
ദൈവം, ഒരു ദൈവത്തിന് പല പേരും,
പല രൂപവുമല്ലേ? അതുകൊണ്ട് എന്റെ
വായനക്കാരൻ ആരാധിക്കുന്ന ദൈവത്തെ
ഞാനെങ്ങനെ തിരിച്ചറിയും?
തർക്കം വേണ്ട.
എന്റെ ഒന്നാമത്തെ കഥാപാത്രം
നല്ല ഒന്നാന്തരം ഒരു നായ
പേര് 'ദേവരാജൻ നായർ'. രണ്ടാമത്തെ
കഥാപാത്രം 'മത്തായി' എന്ന പൂച്ച,
ഇനിയൊരാളുണ്ട് 'മുഹമ്മദ് ബാസിം ഭായി'
എന്ന കാക്ക. [ഈ പേരുകൾ കൊണ്ട്
കഥാകാരി സമൂഹത്തിലെ ജാതി വ്യവസ്ഥയെ
കളിയാക്കി എന്ന് തെറ്റിദ്ധരിക്കാതിരിക്കണേ കേട്ടോ]

കാരണം ധാരണകൾ എപ്പോഴും ശരിയാണ് അവ തെറ്റായി വ്യാഖ്യാനിക്കപ്പെടാറാണ് പതിവ്.

ഇനിയൊരു മുഖ്യ കഥാപാത്രം കൂടിയുണ്ട്. ഒരു മാലാഖ, മാലാഖയെന്നാൽ ചുവന്നു തുടുത്ത കവിളുകളുള്ള, സ്വർണ്ണ-മുടിയുള്ള, നക്ഷത്ര കണ്ണുകളുള്ള, തൂവെള്ള കുപ്പായമിട്ട, മേഘങ്ങൾക്കിടയിലൂടെ പാറിപ്പറക്കുന്ന ഒരു മാലാഖയെയാണ് എന്റെ പ്രിയപ്പെട്ട വായനക്കാരൻ പ്രതീക്ഷിക്കുന്നതെങ്കിൽ ദയവായി എന്നോട് ക്ഷമിക്കൂ. [കാരണം മറ്റുള്ളവർ കാണുന്ന കണ്ണല്ല, കഥാകാരിയുടെ കണ്ണ്.] ഒരാളെ സൗന്ദര്യ ബോധം വാരിപ്പുണരുന്നത്, അയാളുടെ മനസ്സ് സുന്ദരമാകുമ്പോഴാണ്.

എന്റെ മാലാഖ അൽപം വ്യത്യസ്തയാണ്. [വ്യത്യസ്തതയാണല്ലോ ഭൂമിയെ മനോഹരമാക്കുന്നത്]. അവൾ കറുത്ത വസ്ത്രമാണ് ധരിക്കാറ്, നരച്ച മുടിയും, ചുക്കിച്ചുളിഞ്ഞ കവിളുകളും ഉള്ള ആളാണ് എന്റെ മാലാഖ

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 114

പേര് 'കൊച്ചുമുതുക്കി'. അത് അവരെ
സ്വർഗ്ഗത്തിലുള്ള മറ്റു മാലാഖമാർ
കളിയാക്കി വിളിക്കുന്ന പേരാണ് കേട്ടോ.
[കാരണം ഈ സമൂഹം ഒരാളെ
എങ്ങനെ കാണാനാഗ്രഹിക്കുന്നുവോ...
അങ്ങനെ മാത്രമേ കാണുകയുള്ളൂ.]
അപ്പോൾ ഇവരൊക്കെയാണ് നമ്മുടെ
കഥാപാത്രങ്ങൾ ബാക്കിയുള്ളവരെ
നമുക്ക് വഴിയേ പരിചയപ്പെടാം.
ഇവർ ഒരു യാത്ര പോകുകയാണ്,
എങ്ങോട്ടേക്കാണന്നല്ലേ?.
മരണാനന്തര ജീവിതത്തിലേക്ക്.
ഓരോരുത്തരും തങ്ങളുടെ കഥകൾ
പങ്കു വയ്ക്കുകയാണ്.
ആദ്യം ദേവരാജൻ നായർ തുടങ്ങുന്നു
"മേനയില്ലത്തെ രഘുനാഥൻ നായരുടെ
പത്തായ പുരക്കല് പത്തുകൊല്ലം കാവല്
കിടന്നതാ ഞാൻ". എന്നിട്ടും ഷോക്കടിപ്പി-
ച്ചാ എന്നെ കൊന്നത്.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 114

മണ്ണായി വിട്ടുകൊടുത്തില്ല.
"ആലപ്പാട്ട് ഏലിയാമ്മ ചേട്ടത്തിയുടെ
ഓമന മൃഗം, എട്ടു പത്തു കൊല്ലം
മക്കള് തിരിഞ്ഞു നോക്കാണ്ടപ്പം ഞാനേ
ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും ചെറിയൊരു
മീൻ തല തിന്നതിന് ചട്ടി കൊണ്ട്
തലയ്ക്കടിച്ചാ എന്നെ കൊന്നത്."
ഖാസിം ഭായിക്ക് കലി കയറി,
"ഓന് മുണ്ടാണ്ടിരിക്കീം, ~~ഞാനെന്തിനാ~~ ഞമ്മളെ ഓനാ
ചത്തേന്ന് കൂടി ഞമ്മക്കറിഞ്ഞൂടാ,
ഹാജിയാർടെ തലതെറിച്ച ചെക്കൻ
കല്ലോണ്ടെറിഞ്ഞു കാണും."
മൂവരും ഒന്നിച്ചു പറഞ്ഞു
"ഈ മനുഷ്യർ ഇങ്ങനെയാണല്ലേ,
നന്ദിയുമില്ല, സ്നേഹവുമില്ല.
ദേവരാജൻ പറഞ്ഞു "അറിഞ്ഞില്ലായിരുന്നോ,
നമ്മളെ കൊന്നു പോട്ടെ, അതിലും
~~ക്രൂ~~രന്മാരായിട്ടാ അവന്മാര് സ്വന്തം
വർഗത്തിലുള്ളോരെ കൊല്ലുന്നത്.
നരബലി കഥയൊന്നും മണ്ണായി മാറി

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 640 Participant Code: 114

കേട്ടില്ലായിരുന്നോ?
മത്തായി മറുപടി പറഞ്ഞു :- ഉം.
ഏലി ചേടത്തി തെക്കേതിലെ മർക്കോസി-
ന്റെ പെമ്പിള അന്നമ്മയോടു പറയണത്
കേട്ടു. അതിനി അറിയാൻ ~~ഇനിയാരേലും~~ ആരേലും
ബാക്കിയൊണ്ടോ? അത്രക്ക് വലിയ
സംഭവമല്ലായിരുന്നോ.
ഖാസിം ഭായി നെടുവീർപ്പിട്ടു.
"ഹോജ രാജാവായ പൊന്നുതമ്പുരാനേ
നിനക്ക് നന്ദി. ഹാജിയാർക്ക് കാക്കബിരി-
യാണി കഴിക്കാൻ ~~തോന്നി~~ തോന്നീലല്ലോ
ഇവരിങ്ങനെ നാട്ടു വിശേഷം
പറയുന്നിടത്തേക്ക് കൊച്ചു മുത്തുക്കി വന്നു.
മത്തായി മാപ്പിള അറിയാതെ പറഞ്ഞുപോ-
യി. അയ്യേ, ഇതെന്തോന്ന് മാലാഖ
ഇങ്ങനെയുമുണ്ടോ മാലാഖമാര്.
കൊച്ചുമുത്തുക്കി അത് കേട്ടു.
"തെറവിച്ചാൻ മത്തായി ഇതിനുമുൻപ്
മാലാഖയെ കണ്ടിട്ടുണ്ടോ?
മത്തായി ഇല്ലെന്ന് തലയാട്ടി.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അപ്പോൾ പിന്നെ മാലാഖയെക്കണ്ടാൽ
എങ്ങനിരിക്കുമെന്ന് മത്തായിക്കെങ്ങനെ-
അറിയാം.
ദേവരാജൻ നായർ ഇടയിൽ കേറി,
മത്തായിയുടെ അവിവേകത്തിന് മാപ്പ്
ചോദിച്ചു.
അപ്പോൾ മാലാഖ പറഞ്ഞു.
"അല്ലെങ്കിലും ഇത് ഈ സമൂഹത്തി-
ന്റെ പ്രശ്നമാണ്, ആരെങ്കിലും,
പറയുന്നത് കേട്ട്, അത് വിശ്വസിച്ച്,
അതിനെ സത്യമായി കാണും. രണ്ടാമതാ-
യി അതിനെക്കുറിച്ചൊന്ന് ചിന്തിക്കുക
പോലുമില്ല.
തർക്കങ്ങൾ അവസാനിച്ചു.
അവർ നക്ഷത്രത്തിന്റെ ആകൃതിയി-
ലുള്ള ഒരു പറക്കും തളികയിൽ
മരണാനന്തര ലോകത്തേക്ക്
പുറപ്പെട്ടു.
കുറച്ചു ദൂരം പിന്നിട്ട ശേഷം
അവരുടെ പറക്കും തളികയ്ക്ക് വല്ലാത്ത

കുളിരും അനുഭവപ്പെടാൻ
തുടങ്ങി, ഏവരും പരിഭ്രാന്തരായി,
ഒന്നായി ചോദിച്ചു. എന്തായിത് മാലാഖേ?
മാലാഖ പറഞ്ഞു, ആരോ ~~വിധിക്കെതിരായ~~
~~മരണം~~ ~~തിരഞ്ഞെ~~ നിയമവിരുദ്ധമായ
മരണം തിരഞ്ഞെടുക്കുന്നു.
നിയമവിരുദ്ധമായ മരണമോ? അതെന്താ-
ണ്, വാസിം ഭായി അടക്കാനാകാത്ത
ആകാംക്ഷയോടെ ചോദിച്ചു.
ദൈവം നമുക്ക് തന്ന സമ്മാനമാ-
ണ് ഈ ജീവിതം, അത് തിരിച്ചുവാങ്ങാ-
ൻ, ദൈവത്തിന് മാത്രമേ അവകാശമു-
ള്ളൂ. ഒരാൾ സ്വയം അത് ~~തിരികെ~~
ചെയ്യുന്നതിനെ നമ്മൾ നിയമവിരുദ്ധമായ
മരണം എന്ന് പറയും.
അപ്പോൾ ആരാണ് അതിന് ശ്രമിക്കു-
ന്നത്, ദേവരാജൻ ചോദിച്ചു.
അറിയില്ല, നമുക്കിപ്പോൾ
അവിടെ ഒന്ന് പോയി നോക്കാമെന്ന്
മാലാഖ പറഞ്ഞു. അങ്ങനെ അവർ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്
School Kalolsavam Kozhikode, Jan. 3 to 7

Item Code: 640 Participant Code: 114

ഒരു കടൽത്തിരത്തെന്നവി.
മത്തായി അൽപ്പം പരിഭ്രാന്തനായി
അയ്യോ, മാലാഖേ അപ്പോൾ നമ്മളെ
അവർക്ക് കാണാൻ പറ്റില്ലേ?
പേടിക്കണ്ട മത്തായി, ഞാൻ വിചാരി-
ക്കാതെ നമ്മളെയാർക്കും കാണാൻ
~~പറ്റിയില്ല~~ പറ്റില്ല.
അവർ അടച്ചിട്ട ഒരു ഓലക്കുടിലിനു
മുമ്പിലെത്തി, കതക് തുറക്കാതെ തന്നെ
അകത്തേക്ക് പ്രവേശിച്ചു.
അവിടെ ചെന്നപ്പോൾ അവർ കണ്ടത്,
~~ഉദ്ദേശം~~ ഏകദേശം പതിനാറു വയസ്സ്
മാത്രം പ്രായം വരുന്ന, കൃശഗാത്രനായ
ഒരു അനാഥനസ്വരു ഒരു കഷ്ണം
കയറിൽ തന്റെ ജീവിതം അവസാനിപ്പി-
ക്കാൻ മുതിർന്നു കൊണ്ട്, അവസാന
ശ്വാസം വളരെ പാടുപെട്ട് എടുക്കുന്നതാ-
ണ്. മാലാഖയുടെ ഒറ്റ നോട്ടത്തിൽ
അവന്റെ ജീവൻ ഒരു തുലാസ്സിൽ എന്ന-
പിച്ചും എത്തി നിൽക്കുന്ന.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

മാലാഖ അവനോട് ചോദിച്ചു.
കുഞ്ഞേ, ദൈവം നിനക്കു സമ്മാനിച്ച
സുന്ദരമായ ഈ ജീവിതം അവസാനി-
പ്പിച്ചുകൊണ്ട് നീ അദ്ദേഹത്തിന്റെ
ഹൃദയത്തിൽ എന്തിന് മുള്ളുകുത്തി-
യിറക്കുന്നു, കാര്യം എന്നോട് പറയൂ.
പരിഹാരം ഞാൻ പറഞ്ഞു തരാം.
അവൻ അവന്റെ കഥ പറയുന്നു.
ബാലു എന്ന പതിനാറുകാരൻ,
ഒരച്ഛൻ മാത്രം. മത്സ്യതൊഴിലാളിയായ
അച്ഛൻ ഒരിക്കൽ കടലിലേക്കു പോയി
പിന്നെ തിരിച്ചെത്തിയില്ല.
അന്വേഷണത്തിനായി അധികാരികൾ
ഉത്സാഹിക്കുന്നില്ല, ആരുമില്ല,
ഭക്ഷണത്തിന് വകയില്ല.
അവസാനമായി അവൻ മാലാഖയോടു
പറയുന്നു "ഞാൻ തോറ്റുപോയി, മാലാഖേ,
മാലാഖ പറഞ്ഞു തുടങ്ങുന്നു.
കുഞ്ഞേ പരാജയപ്പെട്ടവന് ദൈവം
നൽകുന്ന ആയുധമാണ് അക്ഷരം.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 114

രക്ഷപെടാനുള്ള കച്ചിതുരുമ്പ്,
ഒരു കഥ ജനിക്കുന്നത്, കഥാകാരന്റെ
സാഹചര്യങ്ങളിൽ നിന്നാണ്,
ഒരു വിപ്ലവകാരി ഉണ്ടാകുന്നത്
വിശപ്പിൽനിന്നാണ്.
നീ അത് അറിയണം, അറിയിക്കണം,
എഴുതണം, തീവ്രമായ അനുഭവങ്ങൾക്കും,
തീക്ഷ്ണമായ ജീവിത സംഘർഷങ്ങൾക്കും,
മാത്രമാണ് ഒരു എഴുത്തുകാരനെ
സൃഷ്ടിക്കാനാവുക.
നിനക്ക് ഞാനൊരു രഹസ്യം പറ:
എഴുത്തിൽ എന്തുകൊണ്ട് ഇന്ന്
നിന്നോട് പറഞ്ഞു, പറയാൻ മറ്റെന്ത-
ല്ലാമുണ്ടായിരുന്നു, എന്ന് നീ ചിന്തിക്കുന്നു-
ണ്ടോ, നീയൊന്നറിയുക,
ഒരു എഴുത്തുകാരനെ സംബന്ധിച്ചിടു-
ത്തോളം എല്ലാ പ്രശ്നങ്ങൾക്കുമുള്ള
പരിഹാരം എഴുത്താണ്.
അത് നിനക്കൊരു സ്വാതന്ത്ര്യം
ക തരും, അവിടെ 'നീയാണ്

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

കഥാകാരൻ, നീ എന്ത് എഴുതുന്നുവോ,
അതാണ് കഥ. നിനക്ക് രാത്രിയിൽ
ഒരു മഴവില്ലോ?, പകലിൽ ഒരു
നിലാവോ എഴുതാം. ഒന്നറിയൂ,
സ്വപ്നം കാണൂ.
കാരണം ദൈവം എന്നോട്
പറഞ്ഞിട്ടുണ്ട് അദ്ദേഹത്തിന് സ്വപ്നം
കാണുന്നവരെ ഇഷ്ടമാണെന്ന്.
പലരും, പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്
നല 'തലവരയില്ല' എന്നത്.
ഇനി ഞാൻ നിന്നോട് ഒരു രഹസ്യം
പറയാം എന്നാൽ നീ പരസ്യമാക്കേണ്ട
രഹസ്യം, ഒരുവന്റെ തലയിൽ വരക്കാനുള്ള
തൂലിക അവന്റെ കൈയിൽ തന്നെയാണ്
ഉള്ളത്. അതിൽ മഷി നിറക്കേണ്ടത്
അവന്റെ, കഠിനാധ്വാനവും, പ്രതീക്ഷയും,
പരിശ്രമവും ~~കൊണ്ട് എന്ന്.~~
കൊണ്ടാണ് എന്ന്.
നല്ല കഥകൾ നിനക്ക് വായിക്കാം പക്ഷെ
ആ രീതി അനുകരിച്ചാൽ അവിടെ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

നിന്റെയല്ല, മറ്റൊരു കഥാകാരനാ-
ണ് ജന്മമെടുക്കുക, നിന്റെ ശൈലി,
നിന്റെ ഭാഷ നിന്റെ ആശയം, അതാണ്
നിന്നെ വ്യത്യസ്തനാക്കുന്നത്.
കഥാകാരിയെ സംബന്ധിച്ചിടത്തോ-
ളം എല്ലാവരും എഴുത്തുകാരാണ്
തന്റെ ജീവിതമാകുന്ന കഥ അതിമനോ-
ഹരമായി എഴുതുന്നവർ, അതല്ലേ
നമ്മൾ തോറ്റുപോയവരെ ചിലപ്പോൾ
'കഥയില്ലാത്തവർ', എന്ന വിളിക്കണം.
കുഞ്ഞേ നീ സ്വപ്നം കാണണം,
സ്വപ്നം കാണുന്നവരെ നോക്കി ദൈവം
ചിരിക്കും, ആദ്യത്തെ മഞ്ഞു പെയ്യുമ്പോൾ
ജി വിരിയുന്ന ചെറിപ്പൂക്കളെക്കാളും
സുന്ദരമാണ് ദൈവത്തിന്റെ ചിരി.
അല്ലെങ്കിൽ എന്തുനിനോ
ഒരു പത്തുവയസ്സുകാരി കണ്ട സ്വപ്നം
അഞ്ചു വർഷങ്ങൾക്കിപ്പുറം ഒരു
പതിനഞ്ചുകാരി സാക്ഷാത്കരി-
ക്കുമോ, ഇതെന്റെ സ്വപ്നമാണ്,

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

എന്റെ ജീവിതമാണ്, എനിക്കറി-
യില്ല, വിധിയെന്തെന്ന് ഒന്നുമാത്രമറിയാം.
ഇവിടെ നിന്നും ഞാൻ പോകാൻ പോകുന്നത്
സാഹിത്യത്തിന്റെ ഒരു പുതിയ
ലോകത്തേക്കാണ്, ഒ നവസാഹിത്യകാ-
രൻമാരാണ് എന്റെ സഹയാത്രികർ.
പരാജയങ്ങളും, വേദനകളും
ഉണ്ടാകുന്നിടത്തോളം, കൈത്തണ്ടക്കു
ബലമുള്ള കാലത്തോളം ഞാനെഴുതുക-
യും ചെയ്യും.
ജീവിതമാകുന്ന വലയിലെ ഓരോ
കണ്ണികൾ, അവ സമ്മാനിക്കുന്ന
സന്തോഷങ്ങൾ, സംഘർഷങ്ങൾ
അത് നമ്മെ വീണ്ടും
'കഥയുള്ളവരായി' ജീവിക്കാൻ
പ്രേരിപ്പിക്കും.